പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4083 — 12.12.2018 ൽ മറുപടിയ്ക്ക്

## പ്രൈസ് മോണിറ്ററിംഗ് സെൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.വി.രാജേഷ്<br>ശ്രീ. കെ.ഡി. പ്രസേനൻ<br>ശ്രീമതി. യു.പ്രതിഭ<br>ശ്രീ. കെ.സുരേഷ് കുറുപ്പ് | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പൊതു വിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും വിലനിലവാരം നിരീക്ഷിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (എ) | സപ്ലൈകോയുടെ കാര്യക്ഷമമായ വിപണിയിടപെടൽ പദ്ധതി വഴി 14 ഇനം അവശ്യ ഭക്ഷ്യ വസ്തുക്കൾ ശരാശരി 20 മുതൽ 50% വരെ വിലക്കുറവിലും 28 ഇനം അവശ്യഭക്ഷ്യവസ്തുക്കൾ പൊതുവിപണിയേക്കാൾ 10 മുതൽ 20% വരെ വിലക്കുറവിൽ ഫ്രീസെയിൽ സബ്സിഡി നിരക്കിലും പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. സപ്ലൈകോയുടെ 'ശബരി' ബ്രാൻഡിലുള്ള നിത്യോപയോഗ സാധനങ്ങൾ, മറ്റു ബ്രാൻഡഡ് കമ്പനികളുടെ എഫ്.എം.സി.ജി ഉൽപ്പന്നങ്ങൾ എന്നിവയും പൊതുവിപണിയിലേതിനേക്കാൾ വിലക്കുറവിൽ വില്പന നടത്തുന്നു. പൊതുവിപണിയിലെ അരിയുടെ വിലവർദ്ധനവ് പിടിച്ചുനിർത്തുന്നതിന്റെ ഭാഗമായി മുൻവർഷം അരിക്കടകൾ തുടങ്ങുകയും നിലവിലുള്ള ഇ-ടെണ്ടർ പർച്ചേസിന് പുറമെ, ഉത്പാദന കേന്ദ്രങ്ങളിൽ നിന്ന് അരി സംഭരിച്ച് സബ്സിഡി നിരക്കിൽ വില്പന നടത്തുകയും ചെയ്തിട്ടുണ്ട്. ക്രിയാത്മകമായ രീതിയിൽ ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ സീസണുകളിൽ പ്രത്യേക ഉത്സവചന്തകൾ സംഘടിപ്പിച്ച് അവശ്യസാധനങ്ങളുടെ വിലവർദ്ധന നിയന്ത്രിച്ചു വരുന്നു. |
| (ബി) | വിപണി പിടിച്ചുനിർത്തുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പിനു കീഴിൽ പ്രൈസ് മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ടോ; | (ബി) യും (സി) യും | ഉണ്ട്. പൊതുവിപണിയിലെ അവശ്യ ഭക്ഷ്യ സാധനങ്ങളുടെ വില നേരത്തെയുള്ള വിലകളുമായി താരതമ്യം ചെയ്ത് വിലക്കയറ്റം തടയാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് പ്രൈസ് മോണിറ്ററിംഗ് സെൽ നിർദ്ദേശം നൽകുന്നു. വില നിലവാരം നിരീക്ഷിക്കുകയും വിലക്കയറ്റം നിയന്ത്രിക്കുന്നതിന് കേരഫെഡ്, ഹോർട്ടികോർപ്പ് മുതലായവയ്ക്ക് നിർദ്ദേശം നൽകുകയും |
| (സി) | എങ്കിൽ ഈ മേഖലയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് | | |

| | | | |
|---|---|---|---|
| | പ്രൈസ് മോണിറ്ററിംഗ് സെൽ നടത്തി വരുന്നതെന്ന് വിശദമാക്കുമോ? | | വിലക്കയറ്റം തടയാൻ ഉതകുന്ന വിധത്തിലുള്ള നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിക്കുകയും ചെയ്യും ഇതുവഴി അവശ്യ വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കുന്നതിനും വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനും പ്രൈസ് മോണിറ്ററിംഗ് സെല്ലിന് സാധിക്കുന്നു. |

സെക്ഷൻ ഓഫീസർ